No. 99/2022

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

വി. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ തിരുവിതാംകോട് അരപ്പള്ളി പ. സഭയുടെ ഒരു പ്രധാന ആത്മീയ സങ്കേതവും അഭിമാന കേന്ദ്രവുമാണ്. നാനാജാതി മതസ്ഥരുടെ ആശ്രയസ്ഥാനവും ആഗോള മാർത്തോമൻ തീർത്ഥാടന കേന്ദ്രവുമാണിത്. “എന്റെ കർത്താവും എന്റെ ദൈവവുമേ” എന്ന ഉറച്ച വിശ്വാസ പ്രഖ്യാപനം നടത്തിയ വി. മാർത്തോമ്മാ ശ്ലീഹായെ അനുസ്മരിക്കുന്ന പുതുഞായറാഴ്ച ഈ വിശുദ്ധ ദേവാലയത്തിലെ പ്രധാന പെരുന്നാളായി ആചരിച്ചു വരികയാണ്. ഉയിർപ്പു ഞായറാഴ്ച മുതൽ പുതു ഞായറാഴ്ച വരെയുള്ള ദിവസങ്ങൾ (ഏപ്രിൽ 17-ാം തീയതി മുതൽ ഏപ്രിൽ 24 വരെ) ഈ വിശുദ്ധ ദേവാലയത്തിൽ തീർത്ഥാടന വാരമായി വിവിധ പരിപാടികളോടെ ആചരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ശ്ലീഹായുടെ പാദസ്പർശത്താൽ വിശുദ്ധമായ തിരുവിതാംകോട് അരപ്പള്ളിയിലേക്ക് തീർത്ഥയാത്ര നടത്തുന്നത് ഏവർക്കും അനുഗ്രഹപ്രദമാണ്. തീർത്ഥാടന വാരത്തോടനുബന്ധിച്ച് വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ (ഏപ്രിൽ 22, 23, 24) ആദ്ധ്യാത്മീക പ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിൽ പ്രത്യേക വാഹനം ക്രമീകരിച്ച് അരപ്പള്ളിയിലേക്ക് തീർത്ഥാടനം നടത്തുന്നത് ഉചിതമായിരിക്കും. ഇടവക വികാരിമാർ അതിന് നേതൃത്വം നൽകുവാൻ ശ്രദ്ധിക്കണം. മുൻകൂട്ടി അറിയിച്ച് തീർത്ഥാടകരായി വരുന്നവർക്ക് വിശ്രമത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. പ. സഭയിലെ ഏറ്റവും പുരാതന ദേവാലയങ്ങളിൽ ഒന്നായ ഈ വിശുദ്ധ ദേവാലയം സന്ദർശിച്ച് നിങ്ങളേവരും അനുഗ്രഹം പ്രാപിക്കണമെന്ന് സ്നേഹപൂർവ്വം നാം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 മാർച്ച് മാസം 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും